കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2025-26 -ബഡ്ജറ്റ് പ്രവൃത്തി - കണ്ണൂർ ജില്ലയിലെ ധർമ്മടം നിയമസഭാ മണ്ഡലത്തിലെ **'തോടുകളുടെ അരിക് സംരക്ഷണം, സ്ലാബ് നിർമ്മാണം'** എന്ന പ്രവൃത്തിയിലുൾപ്പെട്ട 3 പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.2629/2025/LSGD തീയതി,തിരുവനന്തപുരം, 01-11-2025

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.10.2025-ലെ LSGD/PD/33519/2025-EW5-നമ്പർ കത്ത്

ഉത്തരവ്

2025-2026 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം II ൽ ക്രമ നമ്പർ 2801 ആയി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഒരു കോടി അടങ്കൽ തുകയും, ടോക്കൺ പ്രൊവിഷനും അനുവദിച്ച **'തോടുകളുടെ അരിക് സംരക്ഷണം, സ്ലാബ് നിർമ്മാണം** എന്ന പ്രവൃത്തിയിലുൾപ്പെട്ട 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം || വാല്യം II ൽ ക്രമ നമ്പർ 2801 ആയി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഒരു കോടി അടങ്കൽ തുകയും, ടോക്കൺ പ്രൊവിഷനും അനുവദിച്ച **"തോടുകളുടെ അരിക് സംരക്ഷണം, സ്ലാബ് നിർമ്മാണം"** എന്ന പ്രവൃത്തിയിലുൾപ്പെട്ട ചുവടെ പറയുന്ന മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയും, ടി പ്രവൃത്തികൾക്കാവശ്യമായ ചെലവ് "4515-00-800-92 (NP)"-എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

| ക്രമ നമ്പർ | <u>പ്രവൃത്തി</u> | **<u>തുക ലക്ഷത്തിൽ</u>** |
|---|---|---|
| **1** | ധർമ്മടം മാരിയമ്മൻ തോട് അരിക് സംരക്ഷണം | **35** |
| **2** | കാടാച്ചിറ കണ്ണാടിച്ചാൽ തോടിന് സ്ലാബ് | **15** |
| **3** | അഞ്ചരക്കണ്ടി മുഴി ടൂറിസ്റ്റ് ഡസ്റ്റിനേഷൻ സ്ഥലത്തെ തോട് അരിക് സംരക്ഷണം | **50** |
| | **ആകെ** | **100** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.(U.O.Note No.3141200/Dev-3/113/2025-Fin dated 15.10.2025) (AS/LGD/25/47335)
കരുതൽ ഫയൽ. (DB2/769/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 01-11-2025 16:08:55